# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

08-06-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1835

## കണ്ണൂർ അഴീക്കൽ തുറമുഖ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) കണ്ണൂർ അഴീക്കൽ തുറമുഖ നിർമ്മാണത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; അതിനായി ടെക്നിക്കൽ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ ; | (എ) അഴീക്കൽ തുറമുഖവികസനം കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി (SPV) രൂപീകരിച്ചു കഴിഞ്ഞു. രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Technical Consultant ആയി നിയമിച്ചിട്ടുണ്ട്. |
| (ബി) എപ്രകാരമാണ് തുറമുഖ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; പൊതു - സ്വകാര്യ പങ്കാളിത്തത്തി ലൂടെ തുറമുഖ നിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ ; | (ബി) തുറമുഖ നിർമ്മാണത്തിനായി കിഫ്ബി മുഖാന്തിരം 496 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് വിഭവ സമാഹരണ സാദ്ധ്യതകൾ പദ്ധതിയുടെ മാസ്റ്റർ പ്ലാനും , ഡി.പി.ആർ-ഉം ലഭ്യമായതിനുശേഷം , പരിശോധിക്കുന്നതാണ്. നിലവിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ നിർമ്മാണം നടത്തുന്നതിന് നിർദ്ദേശങ്ങളൊന്നും ഇല്ല. |
| (സി) ഈ പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) അഴീക്കൽ തുറമുഖ വികസനത്തിന്റെ പ്രാരംഭഘട്ടം പൂർത്തീകരിക്കുന്നതിനായി കിഫ്ബി മുഖാന്തിരം 496 കോടി രൂപ ലഭ്യമാക്കുന്നതാണ്. പദ്ധതി രേഖ തയ്യാറാക്കുന്ന മുറയ്ക്ക് അത് കിഫ്ബി ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ് . |

| | | | |
|---|---|---|---|
| (ഡി) | മലബാറിന്റെ വികസന ത്തിന് മുതൽക്കൂട്ടാകുന്ന അഴീക്കൽ തുറമുഖം സമയ ബന്ധിതമായി പൂർത്തീകരി ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കു ന്നതെന്ന് വിശദമാക്കാമോ ? | (ഡി) | അഴീക്കൽ തുറമുഖവികസനം കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി രൂപീകരിച്ചു കഴിഞ്ഞു. രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Technical Consultant ആയി നിയമിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖവികസനം സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിന് പദ്ധതി പ്രദേശത്തേക്കുള്ള റോഡ് / റയിൽ ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര ഏജൻസിയായ ഐ.പി.ആർ.സി.എൽ -മായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു . തുടർനടപടികൾ ആരംഭിച്ചതായി ഐ.പി.ആർ.സി.എൽ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**